ടെലിഫോൺ നമ്പർ : 2512524
പോസ്റ്റ് ബോക്സ് നമ്പർ : 5430
ഫാക്സ് : 0471-2305891
പിൻ കോഡ്-695 033

E-mail: secretary@niyamasabha.nic.in

# കേരള നിയമസഭാ സെക്രട്ടേറിയറ്റ്

## കേരള നിയമസഭാ സെക്രട്ടേറിയറ്റ്
## നിയമസഭാ ഹോസ്റ്റൽ

തിരുവനന്തപുരം,
19 -12-2018.

നം. 11980/എം.എ.ഇ 2/2018/നി.സെ.

### നിയമസഭാ ഹോസ്റ്റലിൽ പവർ ലോൺട്രി സ്ഥാപിച്ച് തുണിത്തരങ്ങൾ അലക്കി ലഭ്യമാക്കുന്നതിനായി ക്ഷണിക്കുന്ന താൽപ്പര്യപത്രം.

നിയമസഭാ ഹോസ്റ്റലിലെ ചന്ദ്രഗിരി ബ്ലോക്കിൽ പവർ ലോൺട്രി സ്ഥാപിച്ച് ഹോസ്റ്റൽ മുറികളിലെ ബെഡ്ഷീറ്റ് (സിംഗിൾ &ഡബിൾ) മേശവിരി, തലയണ കവർ, ടർക്കി ടവ്വൽ, കർട്ടൺ (വിൻഡോ, ഡോർ, ഹെവി), കൊതുകുവല എന്നീ ഒൻപത് തുണിത്തരങ്ങൾ അലക്കി ലഭ്യമാക്കുവാൻ താൽപര്യമുള്ള വ്യക്തികൾ/ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും മുദ്രവച്ച കവറുകളിൽ താൽപ്പര്യപത്രം ക്ഷണിച്ചുകൊള്ളുന്നു. കരാർ ഏറ്റെടുക്കുന്ന വ്യക്തി/ സ്ഥാപനം താഴെപ്പറയുന്ന നിബന്ധനകൾ പാലിക്കേണ്ടതാണ്.

1. കുറഞ്ഞത് പത്ത് വർഷക്കാലയളവിലേക്ക് മെഷിനറികൾ സ്ഥാപിച്ച് തുണിത്തരങ്ങൾ അലക്കി നൽകേണ്ടതാണ്.
2. ടി വ്യക്തി/ സ്ഥാപനം സ്വന്തം ചെലവിൽ ജോലിക്കാരെ നിയമിക്കേണ്ടതാണ്.
3. നിയമസഭാ ഹോസ്റ്റലിലെ തുണിത്തരങ്ങൾ കൂടാതെ ബഹു. അംഗങ്ങളുടെ പേഴ്സണൽ വസ്തുങ്ങളും ആവശ്യമനുസരിച്ച് അലക്കി നൽകേണ്ടതാണ്.
4. നിയമസഭാ ഹോസ്റ്റലിന് വെളിയിൽ നിന്നുള്ള തുണിത്തരങ്ങൾ അലക്കാൻ പാടുള്ളതല്ല.
5. വൈദ്യുതി, വെള്ളം എന്നിവയുടെ ചാർജ്ജ് കരാറുകാരൻ വഹിക്കേണ്ടതാണ്.
6. ഒരു മാസത്തിൽ ഏകദേശം 900 എണ്ണം തുണിത്തരങ്ങൾ അലക്കി നൽകേണ്ടതാണ്.

ഓരോ ഇനത്തിന്റേയും (ബഹു. അംഗങ്ങളുടെ പേഴ്സണൽ വസ്തുങ്ങൾ ഉൾപ്പെടെ) അലക്ക് കൂലി നിരക്കുകൾ രേഖപ്പെടുത്തിയ താൽപ്പര്യപത്രം 2018 ഡിസംബർ 31 തിങ്കളാഴ്ച വൈകുന്നേരം 4.00 മണിക്ക് മുമ്പായി താഴെ കൊടുത്തിരിക്കുന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്.

01.01.2019 ചൊവ്വാഴ്ച രാവിലെ 11.00 മണിക്ക് താൽപ്പര്യപത്രങ്ങൾ തുറന്നു പരിശോധിക്കുന്നതും തുടർനടപടികൾ സ്വീകരിക്കുന്നതുമാണ്. ഏതെങ്കിലും കാരണവശാൽ താൽപ്പര്യപത്രങ്ങൾ തുറന്നു പരിശോധിക്കുന്ന ദിവസം അവധിയാകാൻ ഇടയായാൽ അടുത്ത പ്രവൃത്തി ദിവസം കവറുകൾ പരിശോധിച്ച് സ്ഥിരപ്പെടുത്തുന്നതാണ്. ഏറ്റവും കൂടുതലായി അലക്കി നൽകേണ്ടിവരുന്ന ബെഡ്ഷീറ്റ് (സിംഗിൾ, ഡബിൾ), തലയണ കവർ, ടർക്കി ടവ്വൽ എന്നീ നാല് ഇനങ്ങൾക്ക് ഏറ്റവും കുറഞ്ഞ അലക്കുകൂലി നിരക്ക് ക്വാട്ട് ചെയ്യുന്ന വ്യക്തി/ സ്ഥാപനത്തിന്റെ താൽപ്പര്യപത്രം പരിശോധിച്ച് സ്ഥിരപ്പെടുത്തുന്നതാണ്. ഒന്നിലധികം വ്യക്തി/ സ്ഥാപനങ്ങൾ ഒരേ തുക ക്വാട്ട് ചെയ്താൽ പ്രസ്തുത വ്യക്തി/ സ്ഥാപനങ്ങളെ മാത്രം ഉൾപ്പെടുത്തിക്കൊണ്ടുള്ള നറുക്കിലൂടെ അലക്ക് കരാർ സ്ഥിരപ്പെടുത്തുന്നതാണ്.

കരാർ ലഭിക്കുന്ന വ്യക്തി/ സ്ഥാപനം കരാർ ഒപ്പിട്ട് ഒരു മാസത്തിനകം സ്വന്തം ചെലവിലും ഉത്തരവാദിത്തത്തിലും മെഷിനറികൾ നിയമസഭാ ഹോസ്റ്റലിൽ സ്ഥാപിച്ച് തുണിത്തരങ്ങൾ അലക്കി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

എസ്റ്റേറ്റ് ഓഫീസർ
നിയമസഭാ ഹോസ്റ്റൽ, വികാസ് ഭവൻ. പി.ഒ
പാളയം,
തിരുവനന്തപുരം -33
(e-mail : surendralalmk@niyamasabha.nic.in)

എസ്റ്റേറ്റ് ഓഫീസർ

എ.വൈ.